പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.265 | 07/08/2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

## തട്ടുകടകളിലെ പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ബാബു** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ പട്ടണങ്ങളിൽ ധാരാളം തട്ടുകടകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇത്തരം തട്ടുകടകളിൽ ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണം നടത്തുന്നതിനും പ്ലാസ്റ്റിക്ക് പേപ്പർ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ചില കടകളിൽ പ്ലാസ്റ്റിക് പേപ്പർ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| സി) | കാൻസർ രോഗത്തിന് കാരണമാകുന്ന ഇത്തരം പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആരോഗ്യ വകുപ്പ് ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ? | സി) | ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിനും, പാകം ചെയ്യുന്നതിനും നിയമാനുസൃതം Food Grade Plastic മാത്രമേ ഉപയോഗിക്കാവൂ എന്ന് നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിയമം പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ 2006 ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തൊട്ടാകെ 624 തട്ടുകടകളിൽ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധന വേളയിൽ പ്ലാസ്റ്റിക് പേപ്പറുകൾ ഉപയോഗിക്കുന്നവർക്കെതിരെ നോട്ടീസ് നൽകുകയും പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ